# വിശ്വാസി

ക്രിസ്തീയ വിശ്വാസത്തിൻെറ പ്രതീകം

VOL. 18 No. 01 | PUBLISHED FROM DELHI | PRICE Rs. 3/- | JANUARY 2014


## ഫെയ്ത്ത് ഫെല്ലോഷിപ്പ് ചർച്ച് 20–ാം ജനറൽ കൺവൻഷൻ അടൂരിൽ



പാ. എം. സാമുവൽകുട്ടി (എഫ്.എഫ്.സി. പ്രസിഡന്റ്)



പാ. സുമേഷ് പി. ലാസർ



പാ. രാജു ആനിക്കാട്



പാ. റോയി ഡാനിയേൽ

***അടൂർ:*** ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ സഭാവിഭാഗമായ ഫെയ്ത്ത് ഫെല്ലോഷിപ്പ് ചർച്ചിന്റെ 20–ാം ജനറൽ കൺവൻഷൻ 2014 ഫെബ്രുവരി 27 മുതൽ മാർച്ച് 2 വരെ അടൂർ ലോഗോസ് ആഡിറ്റോറിയത്തിൽ വച്ച് വിവിധ പ്രോഗ്രാമുകളോടെ നടക്കും. 27–ാം തീയതി വ്യാഴാഴ്ച വൈകിട്ട് ഫെയ്ത്ത് ഫെല്ലോഷിപ്പ് ചർച്ച് പ്രസിഡന്റ് പാസ്റ്റർ എം. സാമുവൽകുട്ടി കൺവൻഷന്റെ ഉദ്ഘാടനം നിർവ്വഹിക്കും. യോഗങ്ങളിൽ പാസ്റ്റർ സുമേഷ് പി. ലാസർ (തെങ്ങമം), പാസ്റ്റർ രാജു ആനിക്കാട് (മല്ലപ്പള്ളി), പാസ്റ്റർ റോയി ഡാനിയേൽ മാത്യു (ജനറൽ സെക്രട്ടറി,ഫെയ്ത്ത് ലീഡേഴ്സ് ചർച്ച് ഓഫ് ഗോഡ്) എന്നീ ദൈവദാസന്മാർ പ്രസംഗിക്കും. ഫെയ്ത്ത് സീയോൻ സിംഗേഴ്സ് ഗാനശുശ്രൂഷ നിർവ്വഹിക്കും.

ഫെബ്രുവരി 27 മുതൽ മാർച്ച് 1 വരെ എല്ലാദിവസവും വൈകിട്ട് 6 മുതൽ 9 വരെ ലോഗോസ് ആഡിറ്റോറിയത്തിൽ വച്ച് പൊതുയോഗം നക്കും. ഫെബ്രുവരി 28 ന് ശുശ്രൂഷക സമ്മേളനം ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജ് ചാപ്പലിൽ നടക്കും. മാർച്ച് 1 ന് ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജിന്റെ ആറാമത് ബിരുദദാന സമ്മേളനം അടൂർ മാർത്തോമ്മ യൂത്ത് സെന്ററിൽ വച്ച് നടക്കും. ഡോ. സാം വിക്ലിഫ് മുഖ്യസന്ദേശം നൽകും. ഉച്ചയ്ക്ക് ശേഷം സഭയുടെ പുത്രികാ സംഘടനകളായ സൺഡേസ്കൂൾ, എഫ്. സി. വൈ.എം . എഫ്. സി.ഡബ്ല്യു എ, എഫ്. സി.എം. എഫ് എന്നിവയുടെ സംയുക്ത വാർഷിക സമ്മേളനം നടക്കും. മാർച്ച് 2 ഞായറാഴ്ച രാവിലെ 8 മണിക്ക് സ്നാനത്തിനുള്ള ക്ലാസ്, 9 മണിക്ക് സ്നാന ശുശ്രൂഷ, 10 മണിക്ക് ഫെയ്ത്ത് ഫെല്ലോഷിപ്പ് സഭകളുടെ സംയുക്ത സഭായോഗം ലോഗോസ് ആഡിറ്റോറിയത്തിൽ വച്ച് നടക്കും.

കൺവൻഷന്റെ സുഗമമായ നടത്തിപ്പിനായി കേരളാ റീജൻ കോ-ഓഡിനേറ്റർ പാസ്റ്റർ എബി ജോർജ് ജനറൽ കൺവീനറായുള്ള കമ്മറ്റി പ്രവർത്തനം ആരംഭിച്ചു. പാസ്റ്റർമാരായ മനോജ് തമ്പി (പ്രാർത്ഥന), സുമേഷ് പി. ലാസർ (പബ്ളിസിറ്റി), ബോബി പി. ജോൺ, ബെൻസി ജോർജ് (ക്വയർ), വി.എം. ഏബ്രഹാം (ഫുഡ് & അക്കോമഡേഷൻ ),സാം വില്യം (വോളന്റിയേഴ്സ്), വിനോദ് കെ. (പ്രോഗ്രാം) എന്നിവരുടെ നേതൃത്വത്തിൽ വിവിധ കമ്മറ്റികൾ പ്രവർത്തിക്കുന്നു.

## എഫ്.സി.ബി.സി 6–ാമത് ബിരുദദാനം മാർച്ച് ഒന്നിന്



ഡോ. സാം വിക്ലിഫ്

**അടൂർ:** ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ ആഭിമുഖ്യത്തിൽ കേരളത്തിലെ പത്തനംതിട്ട ജില്ലയിലെ അടൂരിൽ പ്രവർത്തിക്കുന്ന ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജിന്റെ 6–ാമത് ഗ്രാഡുവേഷൻ സർവീസ് 2014 മാർച്ച് ഒന്നിന് രാവിലെ പത്ത് മണിക്ക് അടൂർ മാർത്തോമ്മ യൂത്ത് സെന്റർ ആഡിറ്റോറിയത്തിൽ വച്ച് നടക്കും. കോളജ് പ്രിൻസിപ്പൽ പാസ്റ്റർ എബി ജോർജിന്റെ അദ്ധ്യക്ഷതയിൽ നടക്കുന്ന സമ്മേളനത്തിൽ ഡോ. സാം വിക്ലിഫ് മുഖ്യസന്ദേശം നൽകും. ബി.റ്റി.എച്ച്, ഡി.റ്റി.എച്ച്, സി.റ്റി എച്ച് എന്നീ ക്ലാസ്സുകളിൽ നിന്നും ഈ വർഷം പഠനം പൂർത്തീകരിച്ച ഇരുപത് പേർക്ക് ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ പ്രസിഡന്റും ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജ് ഡയറക്ടറുമായ പാസ്റ്റർ എം. സാമുവൽകുട്ടി സർട്ടിഫിക്കേറ്റുകൾ നൽകും.

2006ൽ വിശ്വാസത്താൽ പ്രവർത്തനം ആരംഭിച്ച ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജിൽ നിന്നും അഞ്ചു ബാച്ചുകളിലായി അറുപത്തി മൂന്ന് യുവതി യുവാക്കൾ പഠനം പൂർത്തിയാക്കി ഇന്ത്യയുടെ വിവിധ സംസ്ഥാനങ്ങളിൽ സുവിശേഷീകരണ പ്രവർത്തനങ്ങളിൽ വ്യാപൃതരായിരിക്കുന്നു. ഈ വർഷത്തിൽ ബീഹാർ, ഉത്തർപ്രദേശ്, കേരളം എന്നിവിടങ്ങളിൽ നിന്നുള്ള 70ഓളം വിദ്ധ്യാർത്ഥികൾ ഉൾപ്പെടുന്ന ബാച്ച് പഠനം നടത്തുന്നു. ആത്മനിറവും ദൈവിക പരിജ്ഞാനവും ഉള്ള അധ്യാപകർ ക്ലാസ്സുകൾ നയിക്കുന്നു. ബാച്ചിലർ ഇൻ തിയോളജി, ബാച്ചിലർ ഇൻ തിയോളജി(എക്സ്റ്റേണൽ),ഡിപ്ലോമ ഇൻ തിയോളജി എന്നീ വിഭാഗങ്ങളിലായി ഇന്റർനാഷണൽ അസോസിയേഷൻ ഫോർ തിയോളജിക്കൽ അക്രെഡിറ്റേഷന്റെ (IATA)അംഗീകാരത്തോടെ നടക്കുന്ന കോഴ്സുകളിലേക്ക് പരിമിതമായ സീറ്റുകൾ ലഭ്യമാണ്. റെഗുലർ കോഴ്സിൽ പഠിക്കുവാൻ കഴിയാത്തവരും സുവിശേഷവേലയിൽ താല്പര്യവും ദർശനവുമുള്ള ഉദ്യോഗസ്ഥർക്കും കുടുംബസ്ഥർക്കും വേണ്ടി സായാഹ്ന കോഴ്സ് 6 മണി മുതൽ 8 മണി വരെ (തിങ്കൾ-ബുധൻ) നടത്തപ്പെടുന്നു. പുതിയ വർഷത്തെ ക്ലാസ്സുകൾ 2014 ജൂൺ ആദ്യ വാരത്തിൽ ആരംഭിക്കും.

## മിഷൻ ചലഞ്ച് കേരള 2014 ജനുവരി 19 മുതൽ ഫെബ്രുവരി 23 വരെ

ന്യൂഡൽഹി: ഡൽഹി കേന്ദ്രമാക്കി ഉത്തരേന്ത്യയിൽ സുവിശേഷ പ്രവർത്തനം നടത്തുന്ന ഗുഡ്റ്റെയിഡിംഗ് (ജി.റ്റി) കേരളത്തിൽ മിഷൻ ചലഞ്ച് നടത്തുന്നു. തീം– കൊയ്ത്ത് വളരെയുണ്ട് വേലക്കാരോ ചുരുക്കം (മത്തായി 9:37). കഴിഞ്ഞ 28 വർഷമായി വടക്കേഇന്ത്യയിൽ സുവിശേഷീകരണത്തിൽ നിരന്തര സാന്നിധ്യമായ പാസ്റ്റർ അനിയൻ സാമുവേൽ നേതൃത്വം നൽകും.

സുവിശേഷം എത്തിയിട്ടില്ലാത്ത സ്ഥലങ്ങളിലേക്ക് സുവിശേഷം എത്തിക്കുവാൻ വിശ്വാസികളെയും ബൈബിൾ കോളജ് വിദ്യാർത്ഥികളെയും പങ്കാളികൾ ആക്കുക എന്നതാണ് മുഖ്യലക്ഷ്യം. വടക്കേഇന്ത്യയിലെ സുവിശേഷ പ്രവർത്തനങ്ങൾ, വെല്ലുവിളികൾ, സാദ്ധ്യതകൾ തുടങ്ങി വിവിധ വിഷയങ്ങളെ അടിസ്ഥാനമാക്കി ക്ലാസ്സുകളും സംഘടിപ്പിക്കും. ജനുവരി 19ന് കോഴിക്കോട് ഉദ്ഘാടനം ചെയ്യുന്ന യോഗങ്ങൾ ഫെബ്രുവരി 23ന് തിരുവനന്തപുരത്ത് അവസാനിക്കും.

## കോച്ചസ് ചൈൽഡ് ഡെവലപ്മെന്റ് സെന്ററിലെ ക്രിസ്തുമസ് ആഘോഷം

കോച്ചസ്: ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ ആഭിമുഖ്യത്തിൽ ബീഹാറിലെ കോച്ചസിൽ പ്രവർത്തിക്കുന്ന കോച്ചസ് ചൈൽഡ് ഡെവലപ്മെന്റ് സെന്ററിൽ ക്രിസ്തുമസ് ആഘോഷം നടന്നു. 2013 ഡിസംബർ 22ന് ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ സ്കൂൾ ഹാളിൽ വച്ച് നടന്ന ആഘോഷ പരിപാടിയിൽ പ്രോജക്ടിലെ കുട്ടികളും അവരുടെ രക്ഷിതാക്കളും ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ പ്രവർത്തകരും പങ്കെടുത്തു. രാവിലെ 10 മണിക്ക് പ്രോജക്ട് മാനേജർ വിനോദ്കുമാർ പ്രാർത്ഥിച്ചാരംഭിച്ച ആഘോഷത്തിൽ ഫെയ്ത്ത് ഫെല്ലോഷിപ്പ് ചർച്ച് ബീഹാർ റീജൻ കോ-ഓർഡിനേറ്റർ പാസ്റ്റർ രജനീകാന്ത് ക്രിസ്തുമസ് സന്ദേശം നൽകി. തുടർന്ന് ക്രിസ്തുമസ് സന്ദേശം വിളിച്ചറിയിക്കുന്ന വിവിധ കലാപരിപാടികൾ കുട്ടികൾ അവതരിപ്പിച്ചു. പങ്കെടുത്ത കുട്ടികൾക്കുള്ള സമ്മാനവിതരണം മുഖ്യഅതിഥിയായ ആർ.ജെ.ഡി. സെക്രട്ടറി ദിലീപ് കേസരി നിർവ്വഹിച്ചു. പാസ്റ്റർ കേഥാർ മസിഹ്, സുവി. ധർമേന്ദകുമാർ തുടങ്ങിയവർ ആഘോഷങ്ങൾക്ക് നേതൃത്വം നൽകി.

## വിശ്വാസി 18–ാം വയസിലേക്ക്

വിശ്വാസി മാസിക പ്രസിദ്ധീകരണത്തിന്റെ പതിനെട്ടാം വർഷത്തിലേക്ക് പ്രവേശിച്ചിരിക്കുകയാണ്. 1997 ജനുവരിയിലാണ് മാസികയുടെ പ്രസിദ്ധീകരണം ആരംഭിച്ചത്. ഇന്നും ഇത് ഒരു ശുശ്രൂഷയായി തുടരുവാൻ കഴിയുന്നത് ദൈവമക്കളുടെ പ്രാർത്ഥനയുടേയും അകമഴിഞ്ഞ സഹായ സഹകരണങ്ങളുടേയും ഫലമായിട്ടാണ് എന്നുള്ളത് ഞങ്ങൾ നന്ദിയോടെ സ്മരിക്കുന്നു. തുടർന്നും വായനക്കാരുടെ സമ്പൂർണ്ണ സഹകരണം ഞങ്ങൾ പ്രതീക്ഷിക്കുന്നു.

എല്ലാ വിശ്വാസി വായനക്കാർക്കും

പത്രാധിപ സമിതിയുടെ

**പുതുവത്സരാശംസകൾ**

***ഉൾപേജുകളിൽ...***


സഹനത്തിന്റെ മാതൃക: പാസ്റ്റർ എം. സാമുവൽകുട്ടി (ഡൽഹി)

സുവിശേഷത്തിലെ കൃപ : പാസ്റ്റർ മനോജ് തമ്പി (അടൂർ)

ആധുനിക കാലഘട്ടത്തിൽ ക്രൈസ്തവമൂല്യങ്ങൾക്കുള്ള പ്രസക്തി : ബ്രദർ ഷിബു തമ്പി (ഡൽഹി)

ജീവജലത്തിന്റെ ഉറവയിലേക്ക് ഒരു തീർത്ഥയാത്ര : ഇവാ. ജോൺ സാമുവൽ(മണക്കാല)

പത്രാധിപ ലേഖനം.......



# സഹനത്തിന്റെ മാതൃക

കറുപ്പിനും വെളുപ്പിനുമിടയിൽ ജീവിതത്തിന്റെ നിറം ഒന്നേയുള്ളുവെന്നു ദക്ഷിണാഫ്രിക്കയെ പഠിപ്പിച്ച വിമോചന നായകൻ, ഇരുണ്ട ഭൂഖണ്ഡത്തിൽ സമത്വത്തിന്റെ പ്രകാശം പരത്തിയ ആഫ്രിക്കയുടെ മഹാത്മാ നെൽസൺ മണ്ടേല ഇനി മരിക്കാത്ത ഓർമ്മ. 'രാജ്യത്തിന്റെ മഹാനായ പുത്രൻ എന്നെന്നേക്കുമായി വിടവാങ്ങി' എന്നാണ് ദക്ഷിണാഫ്രിക്കൻ പ്രസിഡന്റ് ജേക്കബ് സുമ മണ്ടേലയുടെ മരണവാർത്ത ലോകത്തെ അറിയിച്ചപ്പോൾ ആദ്യമായി പറഞ്ഞത്. ദക്ഷിണാഫ്രിക്കയെ വർണ്ണവിവേചനത്തിൽ നിന്ന് മോചിപ്പിച്ച കറുത്ത സൂര്യന്റെ അസ്തമനം അദ്ദേഹത്തിന്റെ ജന്മനാടായ ദക്ഷിണാഫ്രിക്കയെ മാത്രമല്ല, ലോകത്തെത്തന്നെ ദുഃഖത്തിലാഴ്ത്തി. ആധുനിക കാലത്തെ വിമോചന സമരങ്ങളുടെ പിതൃസ്ഥാനീയനായി ലോകം അംഗീകരിച്ച മണ്ടേല, ദക്ഷിണാഫ്രിക്കയുടെ മുൻപ്രസിഡന്റും സമാധാനത്തിനുള്ള നൊബേൽ സമ്മാനജേതാവുമാണ്. വർണവെറിയുടെയും അസ്വാതന്ത്ര്യത്തിന്റെയും ലോകത്തുനിന്ന് ആഫ്രിക്കൻ ജനതയെ സഹനസമരത്തിലൂടെയും നീണ്ടകാലത്തെ തടവറ വാസത്തിലൂടെയും രക്ഷിച്ച ഇതിഹാസനായകന് 1990ൽ ഇന്ത്യ പരമോന്നത ബഹുമതിയായ ഭാരത രത്നം നൽകി ആദരിച്ചിരുന്നു.

1918 ജൂലൈ 18ന് ദക്ഷിണാഫ്രിക്കയിലെ ട്രാൻസ്കീയിലാണ് മണ്ടേല ജനിച്ചത്. മാതാപിതാക്കൾ തനിക്ക് നൽകിയ പേര് റോളിഹ്ലഹ്ല മണ്ടേല എന്നായിരുന്നു. സ്കൂളിൽ ചേർന്നപ്പോൾ തന്റെ അധ്യാപികയാണ് നെൽസൻ എന്ന പേര് നൽകിയത്. ഗോത്രമേധാവിയായിരുന്നു മണ്ടേലയുടെ പിതാവ് ഹെൻട്രി മണ്ടേല. അദ്ദേഹത്തിന്റെ മരണത്തോടെ വന്നുചേർന്ന ഗോത്രമേധാവിയുടെ കിരീടം നിരസിച്ചുകൊണ്ട് ആധുനിക വിദ്യാഭ്യാസത്തിന്റെ വഴിയിലൂടെ പോകുവാനാണ് യുവാവായ മണ്ടേല തീരുമാനമെടുത്തത്. ദക്ഷിണാഫ്രിക്കയിലെ പാവപ്പെട്ടവർ അനുഭവിച്ച വിവേചനത്തിന്റെ ഭീകരത കോളജിലെ പഠനകാലത്ത് തിരിച്ചറിഞ്ഞ അദ്ദേഹം ഒലിവർ ടാംബോയുമായി ചേർന്ന് രാഷ്ട്രീയ പ്രവർത്തനം ആരംഭിച്ചു. രാഷ്ട്രീയ സ്ഥിതിഗതികൾ അപകടപരമായിരുന്നു. വെള്ളക്കാരുടെ ഭീകരഭരണത്തെ അട്ടിമറിക്കാനായി താൻ ഒളിപ്പോരിനും സായുധ സമരത്തിനും നേതൃത്വം നൽകി. അതിനിടയിൽ ജയിൽ വാസവും അനുഭവിക്കേണ്ടിവന്നു. ക്രമേണ വർണവെറിക്കെതിരെ പ്രതിഷേധിക്കുന്ന ലോകമെമ്പാടുമുള്ളവരുടെ പ്രതിനിധിയായി അദ്ദേഹം മാറി. അതിനുശേഷം ഒളിപ്പോരിൽ നിന്നും സഹനസമരത്തിന്റെ പോർവീര്യം കണ്ടെടുത്ത നേതാവായി മണ്ടേല മാറി. ഏകാന്ത തടവിനിടയിൽ ആറു മാസത്തിനിടെ വന്നു കണ്ടിരുന്ന വിന്നി മണ്ടേലയിൽ നിന്നായിരുന്നു പുറത്തെ രോഷാഗ്നിയെപ്പറ്റി മണ്ടേല അറിഞ്ഞിരുന്നത്. വിവാഹം കഴിഞ്ഞ് നാലു വർഷം കഴിഞ്ഞപ്പോഴാണ് കാരാഗ്രഹവാസം തുടങ്ങിയത്. രാജ്യത്തെ 75% വരുന്ന കറുത്തവർഗ്ഗക്കാരുടെ പോരാട്ടവീര്യം ജ്വലിപ്പിച്ചുനിർത്താൻ ഇരുവരും ഒത്തൊരുമിച്ചു പരിശ്രമിച്ചു. ആ ശ്രമങ്ങൾ ഫലിച്ചു. 1982ൽ പത്തുലക്ഷം പേർ ഒപ്പിട്ട ഭീമഹർജി യു.എൻ സെക്രട്ടറി ജനറലിനു സമർപ്പിച്ചു. ലോകമെമ്പാടും ജനാധിപത്യ- വിപ്ലവ പ്രസ്ഥാനങ്ങൾ മണ്ടേലയുടെ സഹനസമരത്തെ ലോകത്തിന്റെ മുക്കിലും മൂലയിലും എത്തിച്ചു. യൂറോപ്യൻ കൗൺസിലും കോമൺവെൽത്തും മണ്ടേലയെ മോചിപ്പിക്കണമെന്ന് ആവശ്യപ്പെട്ടതോടെ വെള്ളക്കാരന്റെ ഭരണകൂടം ഉലഞ്ഞുതുടങ്ങി. വർണവിവേചനത്തിലെ മനുഷ്യത്വമില്ലായ്മ ലോകത്തെ ഞെട്ടിച്ചു. തുടർച്ചയായ പ്രക്ഷോപങ്ങളുടെയും രാജ്യാന്തര സമൂഹത്തിന്റെ ഇടപെടലുകളുടെയും ഫലമായി മോചനത്തിനു വഴിയൊരുങ്ങി.

മണ്ടേലയുടെ വർണവിവേചനത്തിനെതിരെയുള്ള പ്രക്ഷോഭത്തിനു പ്രചോദനമായത് ഇന്ത്യയിൽ അഹിംസയുടെ കരുത്തിൽ വിജയം വരിച്ച ഗാന്ധിജിയുടെ ചരിത്രമായിരുന്നു. ഗാന്ധിജിയുടെ ആദർശധീരതയും മനക്കരുത്തും ലാളിത്വവും മാനുഷികതയും എല്ലാം അദ്ദേഹം തന്റെ ജീവിതത്തിൽ പകർത്തി. സായുധ വിപ്ലവത്തിന്റെ വക്താവായിരുന്ന അദ്ദേഹം ഒടുവിൽ അക്രമരാഹിത്യത്തിന്റെയും സമാധാനപരമായ ഒത്തുതീർപ്പിന്റെയും പ്രയോക്താവാകുകയായിരുന്നു. ആഫ്രിക്കൻ നാഷണൽ കോൺഗ്രസിന്റെ (എ.എൻ.സി) മുൻനിരയിൽ നിന്നു സമരം നയിച്ച മണ്ടേലയെ 1956ൽ രാജ്യദ്രോഹക്കുറ്റം ചുമത്തി ഭരണകൂടം അറസ്റ്റ് ചെയ്തു. ജയിൽ മോചിതനായ ഉടൻ വീണ്ടും പ്രക്ഷോഭത്തിലിറങ്ങി. ഇതോടെ ക്രൂരതയ്ക്ക് പേരുകേട്ട പ്രിട്ടോറിയ ഭരണകൂടം 1962ൽ മണ്ടേലയെ അഞ്ചുവർഷത്തേക്ക് ജയിലിലടച്ചു. 1964ൽ മറ്റൊരു കേസിൽ ജീവപര്യന്ത തടവും വിധിച്ചു. ഇത് 27 വർഷം നീണ്ട കാരാഗ്രഹവാസത്തിലേക്കാണ് നയിച്ചത്. മനുഷ്യാവകാശങ്ങൾക്കും ദേശീയ സ്വാതന്ത്ര്യത്തിനും വേണ്ടി ഇരുപതാം നൂറ്റാണ്ടിൽ നടന്ന ത്യാഗപൂർണ്ണമായ എല്ലാ സമരങ്ങളുടെയും ഒരു പൊതു പ്രതീകമായിരുന്നു 27 വർഷം കാരിരുമ്പഴികൾക്ക് പിന്നിൽ കഴിയേണ്ടിവന്ന മണ്ടേല. വെള്ളക്കാരായ ഭരണാധികാരികൾ അദ്ദേഹത്തെ ശാരീരികമായും മാനസികമായും തകർക്കാൻ ശ്രമിച്ചു. പക്ഷേ മണ്ടേല തകരുകയോ തളരുകയോ ചെയ്തില്ല. ബഹുഭൂരിപക്ഷം വരുന്ന കറുത്തവർഗ്ഗക്കാരുടെ ന്യായമായ അവകാശങ്ങൾ അനുവദിച്ചുകിട്ടുന്നതുവരെ സമരം എന്ന നിലപാടിൽ അദ്ദേഹവും എ.എൻ.സിയും ഉറച്ചു നിന്നു. ഒടുവിൽ എ.എൻ.സിയെ അംഗീകരിക്കുവാനും മണ്ടേലയെ നിരുപാധികം വിട്ടയയ്ക്കാനും വെള്ളക്കാരുടെ ഭരണകൂടം നിർബന്ധിതമായി. വർഷങ്ങളായി തുടർന്നുവന്ന വർണ്ണ വിവേചന നയം അവസാനിപ്പിക്കുകയും കറുത്തവർഗ്ഗക്കാരുടെ ഭൂരിപക്ഷഭരണം അനുവദിക്കുകയുമല്ലാതെ അവർക്ക് ഗത്യന്തരമില്ലാതായി. കഴിഞ്ഞ നൂറ്റാണ്ടിലെ ഏറ്റവും രോമാഞ്ചജനകമായ മുഹൂർത്തങ്ങളിലൊന്നായിരുന്നു 1990ലെ മണ്ടേലയുടെ ജയിൽമോചനം. ജനാധിപത്യരീതിയിൽ തിരഞ്ഞെടുക്കപ്പെട്ട ആദ്യത്തെ ദക്ഷിണാഫ്രിക്കൻ പ്രസിഡന്റ് എന്ന നിലയിലുള്ള 1994ലെ സ്ഥാനാരോഹണവും.

നീണ്ട 27 വർഷങ്ങൾ റോബൻദ്വീപിലെ ഭ്രാന്തുപിടിപ്പിക്കുന്ന തടവറയിൽ അദ്ദേഹം വെറുതെയിരിക്കുകയായിരുന്നില്ല. അധികാരികളുടെ ശാരീരിക മാനസിക പീഡനങ്ങൾക്ക് വിധേയനാകേണ്ടിവന്നിട്ടും കഠിനമായ ജോലികൾ ചെയ്യേണ്ടിവന്നിട്ടും തളരാതെ ആ പോരാളി രാഷ്ട്രീയപ്രവർത്തനങ്ങൾക്ക് മാർഗ്ഗദീപമായി തുടരുകയും തന്റെ ദർശനങ്ങളും അനുഭവങ്ങളും എഴുതുകയും ചെയ്തു. അവിടെ വച്ച് അദ്ദേഹം എഴുതിയതാണ് 'ലോങ് വാക്ക് ടു ഫ്രീഡം' എന്ന ആത്മകഥ. ജയിൽമോചിതനായശേഷം 1994ൽ കറുത്തവർക്കുകൂടി വോട്ടവകാശം ലഭിച്ച ആദ്യ തിരഞ്ഞെടുപ്പിൽ വെള്ളക്കാരുടെ ഭരണം തുഞ്ഞെറിയപ്പെട്ടു. 1994 ഏപ്രിൽ 27ന് ഔദ്യോഗികമായി വർണ്ണവിവേചനം അവസാനിച്ചു. കറുത്തവർഗ്ഗക്കാരനായ ആദ്യപ്രസിഡന്റായി മണ്ടേല അധികാരമേറ്റു. മണ്ടേലയുടെ മനസ്സിന്റെ മഹത്വവും നൈർമാല്യവും തെളിഞ്ഞുകാണാൻ തുടങ്ങിയത് അതിനു ശേഷമാണ്. കറുത്തവർഗ്ഗക്കാർ അനുഭവിക്കേണ്ടിവന്ന യാതനകളുടെ ഓർമ്മകളും അവ വെള്ളക്കാർക്കെതിരെ കറുത്തവരുടെ മനസിൽ ഉയർത്താനിടയുള്ള പകയും സ്വതന്ത്ര ദക്ഷിണാഫ്രിക്കയുടെ ആദ്യനാളുകളിൽ ചോരപ്പുഴയൊഴുകാൻ കാരണമാകുമെന്ന് പലരും ഭയപ്പെട്ടിരുന്നു. മണ്ടേല അതിനിടയാക്കിയില്ല. സ്വയം അനുഭവിക്കേണ്ടിവന്ന പീഠനങ്ങളും അവഹേളനവും പോലും വെള്ളക്കാരോടുള്ള അദ്ദേഹത്തിന്റെ സമീപനത്തെ സ്വാധീനിച്ചില്ല. എല്ലാവരുടേയും പ്രസിഡന്റായിരുന്നു അദ്ദേഹം. വെള്ളക്കാരോട് പകവീട്ടുന്നതിനു പകരം അവരുടെകൂടി വിശ്വാസം ആർജ്ജിക്കുകയാണ് രാജ്യത്തിന് ഗുണകരമെന്ന് അദ്ദേഹം തിരിച്ചറിഞ്ഞു. ഒരു തവണമാത്രമേ പ്രസിഡന്റ് പദവിയിലിരിക്കു എന്ന് പ്രഖ്യാപിച്ചിരുന്ന മണ്ടേല 1999ൽ പദവി ഒഴിഞ്ഞു വാക്കുപാലിച്ചു. പ്രശസ്തിയുടേയും പ്രതാപത്തിന്റെയും പാരമ്യത്തിലാണ് അദ്ദേഹം സ്വമേധയാ പ്രസിഡന്റ് പദം വിട്ടൊഴിഞ്ഞത്. ജനങ്ങളുടെ എതിർപ്പ് വകവയ്ക്കാതെ വർഷങ്ങളായി അധികാരത്തിലിരിക്കുന്നവരുടെ ഭൂഖണ്ഡത്തിലാണിതെന്നത് അത്ഭുതാവഹം തന്നെ. അധികാരമോ സുഖജീവിതമോ മണ്ടേലയെ പ്രലോഭിപ്പിച്ചില്ല. 2004ൽ പൊതുജീവിതത്തിൽ നിന്ന് അദ്ദേഹം വിരമിച്ചു. എങ്കിലും ലോകത്തെ അനീതികൾക്കും അസമത്വത്തിനും എതിരെ ശബ്ദമുയർത്തുന്നത് അദ്ദേഹം അവസാനിപ്പിച്ചില്ല. എല്ലാവിഭാഗം ജനങ്ങളുടേയും ആദരത്തിനും സ്നേഹത്തിനും പാത്രമായ അദ്ദേഹത്തിന്റെ തിരോധാനം വലിയൊരു നഷ്ടമാണ് ലോകത്ത് ബാക്കിവയ്ക്കുന്നത്.

നെൽസൺ മണ്ടേലയുടെ ജീവിതം മാനവരാശിക്കാകെ ഒരു മാതൃകയാണ്. അധർമ്മത്തിനും അനീതിയ്ക്കും എതിരെയുള്ള പോരാട്ടം നമ്മുടെ ധർമ്മമാണ്. യെരുശലേം ദേവാലയത്തിലെ അനീതിക്കെതിരെ ചാട്ടവാറെടുത്തവന്റെ അനുയായികളാണ് നാം. തന്നെ കഠിനമായി പീഡിപ്പിച്ച വെള്ളക്കാരോട് ഒട്ടും പരിഭവമില്ലാതെ സ്നേഹത്തിന്റെ ഭാഷയിലാണ് നെൽസൺ മണ്ടേല സഹവർത്തിച്ചത്. തന്നെ ചാട്ടവാറുകൊണ്ടടിക്കുകയും മുഖത്ത് തുപ്പുകയും മുഖത്തെ രോമങ്ങൾ വലിച്ചുപറിക്കുകയും ക്രൂശിക്കുകയും ചെയ്തവർക്കുവേണ്ടി 'ഇവർ ചെയ്യുന്നത് ഇന്നത് എന്ന് അറിയായ്കകൊണ്ട് ഇവരോട് ക്ഷമിക്കേണമേ' എന്നു പ്രാർത്ഥിച്ചവന്റെ മാതൃക പിൻപറ്റുന്ന നാം എത്രമാത്രം ക്ഷമിക്കേണ്ടുന്നവരാണ്!

*- പാസ്റ്റർ എം. സാമുവൽകുട്ടി*

## ആലയത്തെക്കുറിച്ച് എരിവുള്ളവരാകുക:

**പാ. എബി ജോർജ്**

**അടൂർ:** ദൈവജനം ദൈവാലയത്തെക്കുറിച്ച് എരിവുള്ളവരാകണമെന്ന് കേരളാ റീജൻ കോ-ഓർഡിനേറ്റർ പാസ്റ്റർ എബി ജോർജ് പ്രസ്താവിച്ചു. 2013 ഡിസംബർ 21ന് അടൂർ ഫെയ്ത്ത് ഫെല്ലോഷിപ്പ് ചർച്ചിൽവച്ച് നടന്ന മാസയോഗത്തിൽ യോഹന്നാൻ 2:13-17 ആസ്പദമാക്കി മുഖ്യസന്ദേശം നൽകുകയായിരുന്നു അദ്ദേഹം. ദൈവാലയം ആരാധനയ്ക്കും പ്രാർത്ഥനയ്ക്കും കൂട്ടായ്മയ്ക്കും വേണ്ടിയുള്ള സ്ഥലമാണ്. എന്നാൽ യേശുവിന്റെ കാലഘട്ടത്തിലും ദൈവാലയത്തെ ആളുകൾ കച്ചവടവത്കരിച്ചു, ആരാധനാമാഹാത്മ്യം അന്യമാക്കി. ആരാധനയുമായി ബന്ധമില്ലാത്തവർ ആലയത്തിൽ വിൽപനയ്ക്കായി വന്നു. ഇന്നും ഇതു തന്നെയാണ് നടക്കുന്നത്, ആരാധനയുടെ മാഹാത്മ്യം അറിയാത്തവർ ആരാധനയേയും പ്രാർത്ഥനയേയും ദൈവവചനചിന്തകളെയും വിൽപ്പനച്ചരക്കാക്കിമാറ്റുന്നു. അതുകാരണം ആത്മീയ സാന്നിധ്യവും ആരാധനാമാഹാത്മ്യവും ഇല്ലാതാകുന്നു. ആലയത്തെക്കുറിച്ചുള്ള എരിവ് കാരണമാണ് യേശു ചാട്ട എടുത്തതെന്ന് അദേഹം ചൂണ്ടിക്കാട്ടി.

റീജൻ സെക്രട്ടറി പാസ്റ്റർ വി.എം. ഏബ്രഹാം അദ്ധ്യക്ഷനായിരുന്ന യോഗത്തിൽ പാസ്റ്റർ സുമേഷ് പി. ലാസർ 56-ാം സങ്കീർത്തനത്തിൽ നിന്ന് പ്രബോധിപ്പിച്ചു.പാസ്റ്റർ ഡി.ജോൺ കർത്തൃമേശാ ശുശ്രൂഷ നിർവ്വഹിച്ചു. റീജനിലെ ദൈവദാസന്മാരും ദൈവജനവും യോഗത്തിൽ സംബന്ധിച്ചു.

## പുതുവർഷ സന്ദേശ ജാഥ

**അടൂർ:** ഫെയ്ത്ത് ഗോസ്പൽ ടീമിന്റെ ആഭിമുഖ്യത്തിൽ 2014 ജനുവരി 1-ാം തീയതി അടൂരിലും പരിസരപ്രദേശങ്ങളായ നെല്ലിമുകൾ, മാഞ്ഞാലി, പാറക്കൂട്ടം, മുണ്ടപള്ളി തുടങ്ങിയ സ്ഥലങ്ങളിൽ കൂടി പുതുവർഷ സന്ദേശ ജാഥ നടത്തി. പാസ്റ്റർമാരായ ജോൺ സാമുവൽ മണക്കാല, സുമേഷ് പി.ലാസർ, ജോൺ സിമ്രാൻ എന്നിവർ വിവിധ സ്ഥലങ്ങളിൽ പുതുവർഷ സന്ദേശം നൽകി. ഇരുപതോളം യുവാക്കൾ പ്രവർത്തനത്തിന് നേതൃത്വം നൽകി.

## പുതിയ പ്രവർത്തനം ആരംഭിച്ചു

**അടൂർ:** നെല്ലിമുകൾ ഫെയ്ത്ത് ഫെല്ലോഷിപ്പ് സഭയുടെ ആഭിമുഖ്യത്തിൽ ഒരു പ്രയർ സെൽ പാറക്കൂട്ടം ഊപ്പൻവിളയിൽ പാസ്റ്റർ ജോയി ജോസഫിന്റെ ഭവനത്തിൽ ആരംഭിച്ചു. 2013 ഡിസംബർ 3-ാം തീയതി രാവിലെ ഫെയ്ത്ത് ഫെല്ലോഷിപ്പ് ചർച്ച് കേരളാ റീജൻ കോ-ഓർഡിനേറ്റർ പാസ്റ്റർ എബി ജോർജ് പ്രാർത്ഥിച്ച് ഉദ്ഘാടനം നിർവ്വഹിച്ച പ്രാരംഭ യോഗത്തിൽ പാസ്റ്റർ മനോജ് തമ്പി മുഖ്യസന്ദേശം നൽകി. പാസ്റ്റർമാരായ വി.എം.ഏബ്രഹാം, ഡി.ജോൺ, ജോയി ജോസഫ്, ബ്രദർ ലാസർ തെങ്ങമം എന്നിവർ ആശംസകളർപ്പിച്ചു. ഇവിടെയുള്ള പ്രവർത്തനങ്ങൾക്ക് സുവിശേഷകൻ ജോൺസൻ ഡാനിയേൽ നേതൃത്വം നൽകുന്നു.

## അനാഥാലയം സന്ദർശിച്ചു

**അടൂർ:** കേരളാ റീജൻ ഫെയ്ത്ത് ക്രിസ്ത്യൻ വിമൻസ് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ അടൂർ പറന്തൽ കേന്ദ്രമായി പ്രവർത്തിക്കുന്ന ആശ്രയാ അനാഥാലയത്തിൽ ഇരുപതോളം സഹോദരിമാർ അന്തേവാസികളെ സന്ദർശിച്ചു പ്രാർത്ഥിച്ചു. 2013 ഡിസംബർ 29 ഞയറാഴ്ച ഉച്ച കഴിഞ്ഞ് നടന്ന സന്ദർശനത്തിന് റീജൻ പ്രസിഡന്റ് ലിൻസി ബിജു നേതൃത്വം നൽകി. അസോസിയേഷൻ സമാഹരിച്ച ഭക്ഷണ-പലചരക്ക് സാധനങ്ങൾ അനാഥാലയ പ്രവർത്തകർക്ക് കൈമാറി.


**വരിസംഖ്യ നിരക്ക്**
**ഒരുവർഷത്തേക്ക്**

| | | |
|---|---|---|
| ഇന്ത്യയിൽ | | :36 രൂപ |
| ഗൾഫ് | | :300 രൂപ |
| യു.എസ് | $ | :10 |
| കാനഡ | $ | :10 |


### ക്ഷണിക്കുന്നു

*വിശ്വാസി*യിൽ പ്രസിദ്ധീകരിക്കുന്നതിന് ലേഖനങ്ങൾ, കവിതകൾ, വാർത്തകൾ, ഭാവനകൾ,ചെറുകഥകൾ എന്നിവ ക്ഷണിച്ചുകൊള്ളുന്നു.

*-പത്രാധിപർ*


**എഡിറ്റോറിയൽ ബോർഡ്**

ചീഫ് എഡിറ്റർ
പാസ്റ്റർ എം. സാമുവൽകുട്ടി

അസ്സോസിയേറ്റ് എഡിറ്റേഴ്സ്
തോമസ് ഡാനിയേൽ
പാസ്റ്റർ ബിജു ബഞ്ചമിൻ
പാസ്റ്റർ ബിനോയി പി. ജോൺ
ഷിബു തമ്പി

പ്രൊഡക്ഷൻ & സർക്കുലേഷൻ മാനേജർ
ചെറിയാൻ ഡാനിയേൽ


ടൈപ്പ് സെറ്റിങ്ങ് : *വിശ്വാസി* ഗ്രാഫിക്സ്, ഡൽഹി

വചനദീപ്തം

# സുവിശേഷത്തിലെ കൃപ



പാസ്റ്റർ മനോജ് തമ്പി
മങ്ങാട്

ക്രൈസ്തവസമൂഹത്തിൽ പ്രത്യേകിച്ചും പെന്തക്കൊസ്തു വിശ്വാസികളുടെ ഇടയിൽ ദുരുപദേശങ്ങളും ദൈവവചനവിരുദ്ധമായ പഠിപ്പിക്കലുകളും അധാർമിക പ്രവണതകളും കൂടിവരുന്ന സാഹചര്യത്തിൽ അതിനെതിരെയുള്ള ശക്തമായ താക്കീതായാണ് ഈ ലേഖന പരമ്പര ആരംഭിക്കുന്നത്. അടൂർ ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജ് അദ്ധ്യാപകനും അടൂർ ഫെയ്ത്ത് ഫെല്ലോഷിപ്പ് ചർച്ച് സഭാശുശ്രൂഷകനുമാണ് ലേഖകൻ

ക്രിസ്തീയ അടിസ്ഥാനങ്ങളെ പലരും അനുഭവ സാക്ഷ്യങ്ങളായും, ഉപദേശങ്ങളായും, ചിന്താദീപ്തങ്ങളായും വ്യാഖ്യാനിച്ചിട്ടുണ്ട്. എന്നാൽ വിശുദ്ധ ബൈബിൾ മാത്രമാണ് ക്രിസ്തീയ വിശ്വാസത്തിന്റെ അടിസ്ഥാനം. ബൈബിൾ അടിസ്ഥാനത്തിലുള്ള ക്രിസ്തീയ വിശ്വാസത്തിന് മനുഷ്യനെ മനുഷ്യനാക്കുവാനും മാനുഷിക വ്യാഖ്യാനങ്ങൾക്ക് തിരുത്തൽ നല്കുവാനും സാധിക്കും. ബൈബിളിന്റെ പൂർണ്ണമായ പഠനം ഒരു മനുഷ്യന് അസാധ്യമാണ്. അവന്റെ ജീവിത പശ്ചാത്തലത്തിൽ ഉണ്ടാകുന്ന വ്യതിയാനങ്ങൾ മൂലം ബൈബിൾ വ്യഖ്യാനത്തിന്റെ മറ്റൊരു സാധ്യതയിലേക്ക് അവൻ ആനയിക്കപ്പെടുന്നു. അതുതന്നെയാണ് ബൈബിളിന്റെ നിസ്തുല്യത.

ബൈബിൾ ഉപദേശങ്ങളെ സാർവ്വത്രികമാക്കുന്നതിൽ (Universal) സുവിശേഷം വഹിക്കുന്ന പങ്ക് വളരെ വലുതാണ്. സുവിശേഷത്തിന്റെ അന്തസാരം തന്നെ വ്യത്യസ്തമായ സന്ദേശം അല്ലെങ്കിൽ ഇതുവരെ കേൾക്കുവാൻ കഴിഞ്ഞിട്ടില്ലാത്ത (Unusual) സന്ദേശം എന്നാണ്. അതുകൊണ്ടാണ് സുവിശേഷം നല്ല വാർത്തയായി, സദ്‌വർത്തമാനമായി അംഗീകരിക്കപ്പെടുന്നത്. യേശുക്രിസ്തുവിന്റെ ജഡധാരണവും അനന്തര ശുശ്രൂഷകളും സുവിശേഷത്തിന്റെ കാതലായ സന്ദേശമാണ്. പുതിയ നിയമത്തിന്റെ പൂമുഖം എന്നറിയപ്പെടുന്ന സുവിശേഷ ഗ്രന്ഥങ്ങളിൽ സുവിശേഷം എന്ന വാക്ക് ശ്രദ്ധേയമാണ്. ഈ വാക്കിന്റെ അപഗ്രഥന പഠനം ആശയങ്ങളുടെ ആഴം വർദ്ധിപ്പിക്കുന്നു. സുവിശേഷത്തിന്റെ ആളത്വം (Personality), പ്രകൃതി (Nature), ചരിത്രം (History), ദൈവശാസ്ത്രം (Theology) എന്നിവ യഥാക്രമം മത്തായി, മർക്കോസ്, ലൂക്കോസ്, യോഹന്നാൻ എന്നീ നാലു സുവിശേഷങ്ങളിൽ ദർശനീയമാണ്. സുവിശേഷത്തിന്റെ പുരോഗതി അപ്പൊസ്തലപ്രവൃത്തിയിലൂടെ ലേഖനങ്ങളിലേക്ക് പ്രവേശിക്കുമ്പോൾ സുവിശേഷത്തിന്റെ പര്യായ പദങ്ങൾ പ്രത്യക്ഷമാകുന്നു. ക്രൂശിന്റെ വചനം, സമാധാനമാർഗ്ഗം, ദൈവനീതി, ദൈവകൃപ ഇങ്ങനെയുള്ള എണ്ണമറ്റ പദങ്ങൾ സുവിശേഷത്തിന്റെ അർത്ഥത്തെ വ്യക്തമാക്കുന്നു.

സുവിശേഷം എന്താണ്, എന്തല്ല, എന്നു മനസ്സിലാക്കുവാൻ ശരിയായ ബൈബിൾ പഠനം ആവശ്യമാണ്. സുവിശേഷം ഉപമയല്ല, പ്രസംഗമല്ല, പ്രബന്ധമല്ല, പ്രമേയമല്ല, പ്രസ്താവനയല്ല സാക്ഷാൽ യേശുക്രിസ്തുവാകുന്നു.

> എല്ലാവരെയും ഒന്നാക്കുന്നതും എല്ലാവരുടെയും ആവശ്യം ഒന്നാണെന്ന് സർവ്വരേയും അറിയിക്കുന്നതും സുവിശേഷത്തിലൂടെയാണ്. അദൃശ്യദൈവത്തിലേക്ക് മനുകുലത്തെ ആകർഷിക്കുവാൻ അനാദിയായ ദൈവത്തിന്റെ അവനിയിലെ വെളിപ്പാടാണ് ക്രിസ്തു. ഈ പ്രസ്താവന സുവിശേഷത്തിന്റെ മർമ്മമാണ്.

യേശുക്രിസ്തുവിനെകൂടാതെ സുവിശേഷം പൂർണ്ണമാകുന്നില്ല. സർവ്വ ലോകത്തിനും ഉണ്ടാകുവാനുള്ള മഹാ സന്തോഷത്തിന്റെ പ്രവചന ശബ്ദമാണ് ഈ സുവിശേഷത്തിന്റെ പ്രത്യേകത. സുവിശേഷത്തിന് തരംതിരിവുകളില്ല, ഉയർച്ച താഴ്ചകളില്ല കാരണം ഇതു നിരപ്പിന്റെ (Reconciliation) സന്ദേശമാണ്. എല്ലാവരെയും ഒന്നാക്കുന്നതും, എല്ലാവരുടെയും ആവശ്യം ഒന്നാണെന്ന് സർവ്വരേയും അറിയിക്കുന്നതും സുവിശേഷത്തിലൂടെയാണ്. അദൃശ്യദൈവത്തിലേക്ക് മനുകുലത്തെ ആകർഷിക്കുവാൻ അനാദിയായ ദൈവത്തിന്റെ അവനിയിലെ വെളിപ്പാടാണ് ക്രിസ്തു . ഈ പ്രസ്താവന സുവിശേഷത്തിന്റെ മർമ്മമാണ്. ആത്മരക്ഷ സുവിശേഷത്തിന്റെ ആത്യന്തിക ലക്ഷ്യമായിരിക്കുമ്പോൾ തന്നെ ഭൗതീക നന്മകളും, ശാരീരിക സൗഖ്യങ്ങളും ആത്മരക്ഷയുടെ ആവശ്യകതയെ വെളിവാക്കുന്നു.

യേശുക്രിസ്തുവാകുന്ന സുവിശേഷം അനവധി ആത്മീക അനുഗ്രഹങ്ങളുടെ സാമൂഹികനാമമാണ്. ഇതിൽ കൃപ, സമാധാനം, രക്ഷ, വിശ്വാസം തുടങ്ങിയ ഉപ വിഷയങ്ങൾ ഉള്ളടക്കം ചെയ്യപ്പെട്ടിരിക്കുന്നു. ആധുനിക ആത്മീക സമൂഹം ഉപദേശങ്ങൾ എന്താണന്നറിയാതെ കേൾക്കുന്നതെന്തും ഉപദേശമായി കരുതുമ്പോൾ ബൈബിൾ നിശബ്ദമാകുന്നു.

തുടരും

# ആധുനിക കാലഘട്ടത്തിൽ ക്രൈസ്തവ മൂല്യങ്ങൾക്കുള്ള പ്രസക്തി

(നാലാം പേജിൽ നിന്നും തുടർച്ച)

രണം സാധിക്കു. പുണ്യപ്രവൃത്തികളാൽ നീതീകരണം സാദ്ധ്യമാകുന്നതല്ല.

**6.വീണ്ടുംജനനം:** യേശുക്രിസ്തുവിനെ കർത്താവും രക്ഷിതാവുമായി ഹൃദയത്തിൽ സ്വീകരിക്കുകയും വായ്കൊണ്ട് ഏറ്റു പറയുകയും ചെയ്യുന്നതിലൂടെ മാത്രമേ വീണ്ടുംജനനം പ്രാപിക്കാൻ കഴിയൂ. പരിശുദ്ധാത്മാവിനാലും ദൈവ വചനത്താലും വീണ്ടും ജനിക്കാതെ നിത്യജീവൻ ലഭിക്കുന്നതല്ല.

**7.വിശ്വാസസ്നാനം:** കർത്താവായ യേശുക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിച്ചവർ യേശുവിനോടു ചേരുവാൻ പിതാവിന്റേയും പുത്രന്റേയും പരിശുദ്ധാത്മാവിന്റേയും നാമത്തിൽ വെള്ളത്തിൽ മുങ്ങി സ്നാനമേൽക്കണം.

**8. വേർപാട്:** വിശ്വാസി പാപങ്ങളിൽ നിന്നും പാപികളിൽ നിന്നും ദുരുപദേശങ്ങളിൽ നിന്നും ദൈവവചനവിരുദ്ധമായ ആരാധനകളിൽ നിന്നും വേർപെടണം. എല്ലാവിധത്തിലുമുള്ള ഇണയില്ലാപ്പിണകളും അവിശുദ്ധ കൂട്ടായ്മകളും ഒഴിവാക്കേണ്ടതാണ്.

**9. തിരുവത്താഴം:** കർത്താവു കാണിച്ചു തന്ന മാതൃകപ്രകാരം തിരുവത്താഴം നടത്തേണ്ടതാണ്. ഇതു കർത്താവു വരുവോളം അവന്റെ ക്രൂശുമരണത്തിന്റെ ഓർമ്മയ്ക്കായി ചെയ്യേണ്ടതാണ്.

**10. പരിശുദ്ധാത്മസ്നാനം:** വീണ്ടുംജനനം പ്രാപിച്ച എല്ലാ വിശ്വാസികളും പരിശുദ്ധാത്മസ്നാനം പ്രാപിക്കേണ്ടതാണ്. പരിശുദ്ധാത്മസ്നാനം പ്രാപിക്കുന്ന വ്യക്തി അന്യഭാഷയിൽ സംസാരിക്കാൻ തുടങ്ങും. പരിശുദ്ധാത്മ സ്നാനത്തിന്റെ തത്ക്ഷണം പ്രത്യക്ഷമാകുന്ന അടയാളമാണിത്. ഈ അന്യഭാഷാഭാഷണം സാരത്തിൽ ഒന്നാണെങ്കിലും ഉപയോഗത്തിലും പ്രയോഗത്തിലും ഭാഷാവരത്തിൽ നിന്നു വ്യത്യസ്തമാണ്.

**11. കൃപാവരങ്ങൾ:** ഒന്നാം നൂറ്റാണ്ടിൽ ഉണ്ടായിരുന്ന എല്ലാ കൃപാവരങ്ങളും ഇക്കാലത്തും നിലനിൽക്കുന്നു. ഇവ നീക്കപ്പെട്ടിട്ടില്ല.

**12. ശുദ്ധീകരണം:** വിശ്വാസി യേശുക്രിസ്തുവിന്റെ രക്തത്താലും ദൈവവചനത്താലും പരിശുദ്ധാത്മാവിനാലും വിശുദ്ധീകരിക്കപ്പെടുന്നു.

**13. ദൈവസഭ:** കർത്താവായ യേശുക്രിസ്തുവിനെ രക്ഷിതാവും കർത്താവുമായി സ്വീകരിച്ചു വീണ്ടുംജനനം പ്രാപിച്ചവരുടെ കൂട്ടായ്മയാണ് ദൈവസഭ. സഭയുടെ വിശ്വാസാചാരങ്ങൾ പുതിയ നിയമത്തിലെ ഉപദേശങ്ങൾക്ക് അനുസൃതമായിരിക്കണം. വിശ്വാസി, വിശ്വാസികളുടെ പ്രാദേശിക കൂട്ടായ്മയായ പ്രാദേശിക സഭ, എല്ലാ വിശ്വാസികളും ഉൾക്കൊള്ളുന്ന ആകമാനസഭ എന്നിവയാണ് ദൈവികപദ്ധതിയിലുള്ളത്.

> വേദപുസ്തകം അനുശാസിക്കുന്നതും ക്രിസ്തീയ അനുകരണത്താൽ ഉരിത്തിരിഞ്ഞതും എല്ലാ ക്രൈസ്തവ വിഭാഗങ്ങളുടെയും പൊതുവായ അംഗീകാരത്തിനും ആചരണത്തിനും വേണ്ടി രൂപപ്പെടുത്തിയിട്ടുള്ള പ്രമാണങ്ങളാണ് അടിസ്ഥാന വേദ ഉപദേശങ്ങൾ

**14. ശുശ്രൂഷ:** അപ്പൊസ്തലൻ, പ്രവാചകൻ, സുവിശേഷകൻ, ഇടയൻ, അദ്ധ്യാപകൻ എന്നിവരാണ് ദൈവ സഭയിലെ പ്രധാന ശുശ്രൂഷകർ. ദൈവം തന്റെ ജനത്തെ ഭരമേല്പിച്ചിരിക്കുന്ന ശുശ്രൂഷ ചെയ്യാൻ അവരെ പരിശീലിപ്പിക്കുകയെന്നതാണ് ഈ ശുശ്രൂഷകരുടെ പ്രധാന ദൗത്യം. ഓരോ പ്രാദേശിക സഭയിലും ഒരു അദ്ധ്യക്ഷൻ (പാസ്റ്റർ, ബിഷപ്പ്) ഉണ്ടായിരിക്കണം. ഈ അദ്ധ്യക്ഷന്റെ കീഴിൽ ശുശ്രൂഷകന്മാരും ശുശ്രൂഷക്കാരികളും വേണം.

**15. ഓർഡിനേഷൻ:** ശുശ്രൂഷകൾക്കായി ദൈവം വിളിച്ചവരെ സഭ വേർതിരിക്കുന്ന ശുശ്രൂഷയാണ് ഓർഡിനേഷൻ. പ്രാദേശിക സഭയിലെ മൂപ്പന്മാർ ചേർന്നു കൈവച്ചു പ്രാർത്ഥിച്ച് ഓർഡിനേഷൻ നൽകേണ്ടതാണ്.

**16. സുവിശേഷവേല:** സുവിശേഷവേല എന്നത് എല്ലാ വിശ്വാസികളുടേയും കർത്തവ്യമാണ്.

**17. ക്രിസ്തുവിന്റെ മടങ്ങിവരവ്:** യേശുക്രിസ്തു തന്റെ സഭയെ ചേർക്കാനായി മടങ്ങി വരും. രക്ഷിക്കപ്പെട്ട് വിശുദ്ധജീവിതം നയിക്കുന്നവരെല്ലാം കർത്താവു മടങ്ങിവരുമ്പോൾ എടുക്കപ്പെടും.

**18.മഹോപദ്രവകാലം:** സഭയുടെ ഉൽപ്രാപണത്തിനു ശേഷമുള്ള ഏഴു വർഷം ഈഭൂമിയിൽഎതിർക്രിസ്തു ഭരണം നടത്തും. മഹോപദ്രവകാലം എന്ന് ഈ ഏഴു വർഷങ്ങളെ വിളിക്കാവുന്നതാണ്.

**19. സഹസ്രാബ്ദം:** ഏഴു വർഷത്തെ ഭരണം എതിർക്രിസ്തു പൂർത്തിയാക്കുമ്പോൾ യേശുക്രിസ്തു സ്വർഗ്ഗത്തിൽ നിന്നും ഈ ഭൂമിയിലേക്ക് ഇറങ്ങിവരികയും എതിർക്രിസ്തുവിനെ തോല്പിക്കുകയും ആയിരം വർഷം നീണ്ടു നിൽക്കുന്ന ഒരു ഭരണം ആരംഭിക്കുകയും ചെയ്യും.

**20. അന്ത്യ ന്യായവിധി:** സഹസ്രാബ്ദത്തിനു ശേഷം അന്ത്യ ന്യായവിധി നടക്കും. വെള്ള സിംഹാസനത്തിന്റെ മുൻപിൽ വച്ച് എല്ലാ പാപികളും ന്യായം വിധിക്കപ്പെടും. തീയും ഗന്ധകവും കത്തുന്ന പൊയ്കയിൽ പാപികൾ നിത്യത ചെലവഴിക്കേണ്ടതായി വരും. ഇതു രണ്ടാം മരണം എന്ന പേരിൽ അറിയപ്പെടുന്നു. സാത്താനും അവന്റെ ദൂതൻമാർക്കും ഇതേ ശിക്ഷ തന്നെയാണു ലഭിക്കുക.

**21. നിത്യത:** അന്ത്യന്യായവിധിക്കു ശേഷം പുതിയ യെരൂശലേം എന്ന നഗരം ഭൂമിയിലേക്ക് ഇറങ്ങിവരും. രക്ഷിക്കപ്പെട്ടവർ ദൈവത്തോടുകൂടി ഈ നഗരത്തിൽ വസിക്കും.

തുടരും

87, Tenement-II, RBTB Hospital,
Kingsway Camp, Delhi-110009
India

# VISWASI

POSTAL REGN.NO.D L 07 / 0138 / 12 - 14
NEWSPAPER REGN. No. 65362 / 97
Price Rs. 3/-

Tel : 011- 27658810, Fax : 91-11-27658810, e-mail : icm4india@yahoo.com, website- www.indianchristianmission.com

## ആധുനിക കാലഘട്ടത്തിൽ ക്രൈസ്തവ മൂല്യങ്ങൾക്കുള്ള പ്രസക്തി



ബ്രദർ ഷിബു തമ്പി
ന്യൂഡൽഹി

*2013 ആഗസ്റ്റ് 15 ന് ഫെയ്ത്ത് ഫെല്ലോഷിപ്പ് സഭയുടെ യുവജന വിഭാഗമായ ഫെയ്ത്ത് ക്രിസ്ത്യൻ യുത്ത് മൂവ്മെന്റി(എഫ്.സി. വൈ.എം)ന്റെ നേതൃത്വത്തിൽ നടന്ന സെമിനാറിൽ അവതരിപ്പിച്ച പ്രബന്ധത്തിന്റെ പ്രസക്ത ഭാഗം.*

ആധുനിക കാലഘട്ടത്തിൽ ക്രൈസ്തവ മൂല്യങ്ങൾക്കുള്ള പ്രസക്തി എന്ന വിഷയത്തെ ആസ്പദമാക്കി തിരുവചന സത്യങ്ങളിലൂടെയുള്ള ഒരു ഓട്ടപ്രദക്ഷണം മാത്രമാണ് ഈ പ്രബന്ധം. ഒരു ആഴമേറിയ പഠനത്തിനുള്ള ആമുഖം മാത്രമായി ഈ പ്രബന്ധത്തെ കരുതണമെന്ന് അപേക്ഷിച്ചുകൊണ്ട് വിഷയത്തിലേക്ക് പ്രവേശിക്കുന്നു.

***എന്താണ് ക്രൈസ്തവ മൂല്യങ്ങൾ?***

ഉത്തമനായ ഒരു ക്രിസ്തു വിശ്വാസി താൻ ജീവിക്കുന്ന സമൂഹത്തിൽ അനുവർത്തിക്കേണ്ട ക്രൈസ്തവ ധാർമ്മികതയെ ക്രൈസ്തവ മൂല്യങ്ങൾ എന്നു വിളിക്കാം. അടിസ്ഥാന വേദ ഉപദേശങ്ങൾ അനുസരിച്ച് ജീവിക്കുന്ന വ്യക്തിയുടെ ജീവിതത്തിലുള്ള പെരുമാറ്റ രീതികളാണ് ക്രൈസ്തവ മൂല്യങ്ങൾ. അപ്രകാരമുള്ള ജീവിതം നയിക്കുന്ന വ്യക്തിയെ ആത്മീയ പക്വതയുള്ളവൻ എന്ന് വിശേഷിപ്പിക്കാം.

**എ). എന്താണ് അടിസ്ഥാന വേദ ഉപദേശങ്ങൾ?**

വേദപുസ്തകം അനുശാസിക്കുന്നതും ക്രിസ്തീയ അനുകരണാത്താൽ ഉരിത്തിരിഞ്ഞതും എല്ലാ ക്രൈസ്തവ വിഭാഗങ്ങളുടെയും പൊതുവായ അഗീകാരത്തിനും ആചരണത്തിനും വേണ്ടി രൂപപ്പെടുത്തിയിട്ടുള്ള പ്രമാണങ്ങളെയാണ് അടിസ്ഥാന വേദ ഉപദേശങ്ങളെന്ന് നാം വിവക്ഷിക്കുന്നത്. അതിന്റെ അർത്ഥവും നിർവ്വചനവും പല ക്രൈസ്തവ സമൂഹങ്ങളിലും സഭകളിലും ആപേക്ഷികമാണ്. അടിസ്ഥാന വിശ്വാസപ്രമാണങ്ങൾ എന്നപേരിൽ കുറെ വിശ്വാസപ്രമാണങ്ങൾ ബൈബിളിൽ അക്കമിട്ടു നിരത്തിയിട്ടില്ല എന്ന് പ്രാരംഭത്തിൽത്തന്നെ വ്യക്തമാക്കട്ടെ. ഓരോ ക്രൈസ്തവ പ്രസ്ഥാനത്തിനും അവരവരുടേതായ വിശ്വാസ പ്രമാണങ്ങളുണ്ടാകാം. അതു മാത്രമാണു ശരിയെന്ന് അവർ അവകാശപ്പെട്ടെന്നും വരാം. പക്ഷേ തമ്മിൽ പൊരുത്തപ്പെടാത്ത ഈ വിശ്വാസ പ്രമാണങ്ങളെല്ലാം ഒന്നുപോലെ ശരിയാകാൻ പറ്റില്ലല്ലോ. അതുകൊണ്ടു രക്ഷയ്ക്ക് ആധാരമാകുന്ന വിശ്വാസപ്രമാണങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട വിഷയങ്ങൾ താഴെ കൊടുക്കുന്നു.

> ഉത്തമനായ ഒരു ക്രിസ്തുവിശ്വാസി താൻ ജീവിക്കുന്ന സമൂഹത്തിൽ അനുവർത്തിക്കേണ്ട ക്രൈസ്തവ ധാർമ്മികതയെ ക്രൈസ്തവ മൂല്യങ്ങളെന്നു വിളിക്കാം

1. **ബൈബിൾ** : പഴയനിയമത്തിലെ 39 പുസ്തകങ്ങളും പുതിയനിയമത്തിലെ 27 പുസ്തകങ്ങളും ഉൾക്കൊള്ളുന്ന ബൈബിൾ ദൈവനിശ്വാസീയമായ തിരുവെഴുത്തുകളാണ്. പകർത്തിയെഴുതിയപ്പോൾ ഉണ്ടായിട്ടുള്ള തെറ്റുകൾ, തർജ്ജിമയിലും അച്ചടിയിലും മറ്റും ഉണ്ടായിട്ടുള്ള തെറ്റുകൾ തുടങ്ങിയവ ഒഴികെ ഒരു വിധത്തിലുള്ള തെറ്റും ബൈബിളിലില്ല. ബൈബിൾ മാത്രമാണ് ദൈവനിശ്വാസീയമായ ഏകഗ്രന്ഥം.

2. **ദൈവം** : നിത്യനായ ഏക സത്യ ദൈവം പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നീ മൂന്ന് വ്യക്തിത്വങ്ങളിൽ വെളിപ്പെട്ടിരിക്കുന്നു.

3. **മനുഷ്യൻ** : ദൈവത്തിന്റെ സ്വരൂപത്തിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട മനുഷ്യൻ ദൈവകല്പന ലംഘിച്ചതുമൂലം പാപിയായിത്തീർന്നു. ദൈവപുത്രനായ യേശുക്രിസ്തുവിനു മാത്രമേ പാപിയായ മനുഷ്യനെ വീണ്ടെടുക്കാൻ കഴിയൂ.

4. **മാനസാന്തരം**: പാപത്തെക്കുറിച്ചുള്ള അനുതാപത്തോടും യേശുക്രിസ്തുവിന്റെ പരമയാഗത്തിലുള്ള വിശ്വാസത്തോടും കൂടി മാത്രമേ മനുഷ്യനു ദൈവത്തെ സമീപിക്കുവാൻ കഴിയൂ.

5. **നീതീകരണം**: യേശുക്രിസ്തുവിലുള്ള വിശ്വാസത്താൽ മാത്രമേ നീതീക

(ശേഷം മൂന്നാം പേജിൽ)




കോപ്പികൾക്ക് ബന്ധപ്പെടുക: Pr. M. Samuelkutty, Flat no 101, Block -A, 96/E, Ward No: 2, Mehrauli, New Delhi-110 030

### ഉറവ

## ജീവജലത്തിന്റെ ഉറവയിലേക്ക് ഒരു തീർത്ഥയാത്ര!



ഇവാ. ജോൺ സാമുവൽ
മണക്കാല

ജയാപജയങ്ങളുടെ ഒരു വർഷം, രണ്ടായിരത്തി പതിമൂന്ന് നമ്മെ വിട്ട് ചരിത്രത്തിന്റെ താളുകളിലേക്ക് ചേക്കേറിയിട്ട് ആംഗുലീപരിമിതമായ ദിനങ്ങൾ മാത്രമേ ആയിട്ടുള്ളു. പിന്നിട്ട വഴിത്താരകളിലേക്ക് തിരിഞ്ഞുനോക്കിയാൽ നിറമിഴികളോടും നിറഞ്ഞ ഹൃദയത്തോടുംകൂടി അല്ലാതെ സർവ്വേശ്വരനെ സ്തുതിപ്പാൻ സാദ്ധ്യമാകയില്ല. എണ്ണിയെണ്ണി നോക്കിയാൽ ആയിരമായിരം നാവുകൾ ഉണ്ടായാലും അവിടുന്ന് ചെയ്ത ഉപകാരങ്ങൾ അവർണ്ണനീയമാണ്. പോയ വർഷം ദൈവം നടത്തിയ വിധങ്ങളെയോർത്ത് 'ഏബൻ-ഏസർ' എന്നു ഹൃദയഭാഷയിൽ പറയുമ്പോൾ തന്നെ, ഈ പുതുവർഷത്തിൽ 'യഹോവ-യിരെ' ആണെന്ന ശുഭാപ്തി വിശ്വാസം ഏവർക്കും കരുത്തു നൽകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

ഈ പുതുവർഷം, ഈ ലക്കം മുതൽ ഉറവ എന്ന പംക്തിയിലൂടെ ഞാൻ ഒരു നീണ്ട ഇടവേളയ്ക്കുശേഷം നിങ്ങളുടെ ഓരോരുത്തരുടെയും അടുക്കലേക്ക് വരികയാണ്. വർഷങ്ങൾക്ക് മുമ്പ് 'പാർശ്വവീക്ഷണം' പംക്തിയിലൂടെയും മറ്റ് പല ലേഖന പാരായണത്തിലൂടെയും അനുവാചകരായ നിങ്ങൾ നൽകിയ സ്നേഹവും പ്രോത്സാഹനങ്ങളും അനുമോദനങ്ങളും അഭിപ്രായങ്ങളും ഒരിക്കലും വിസ്മരിച്ചിട്ടില്ല. തുടർന്ന് 'ഉറവ' എന്ന ഈ തുടർപംക്തിയും വായിക്കുവാൻ തിരക്കിട്ടജീവിതത്തിനിടയിൽ വിസ്മരിക്കരുത് എന്ന് ഓർപ്പിക്കുന്നു. ഓരോ ലക്കവും നിങ്ങളുടെ ക്രിസ്തീയ ജീവിതത്തിന് അനുഗ്രഹവും ഉത്തേജനവും നൽകുന്ന ഹൃദയസംവേദക മാദ്ധ്യമമായിരിക്കും എന്നതിന് രണ്ട് പക്ഷമില്ല. ക്രൈസ്തവലോകത്ത് ദൈവരാജ്യവ്യാപ്തിക്കുവേണ്ടി കഴിഞ്ഞ അനേക പതിറ്റാണ്ടുകളായി വ്യത്യസ്തമേഖലകളിൽ ഈടും സംഭാവനകൾ നൽകിയ കർത്തൃമക്കളുടെ ഹൃദയസ്പർശകങ്ങളായ ജീവിതാനുഭവങ്ങളും അവരിലൂടെ ലഭിച്ച സംഭാവനകളുമെല്ലാം ഉറവ എന്ന ഈ പംക്തിയിലൂടെ അടുത്തറിയാവുന്നതാണ്.

എന്റെ സുവിശേഷ യാത്രക്കിടെ വ്യക്തിപരമായി പരിചയപ്പെട്ടവരെയും ചരിത്രത്താളുകളിൽ നിന്ന് അറിഞ്ഞവരെയും ഇവിടെ നിങ്ങളുടെ മുമ്പിൽ അവതരിപ്പിക്കുന്നതിൽ ആനന്ദമുണ്ട്. ഈ എഴുത്തിന്റെ പൂർണ്ണ ഉത്തരവാദിത്വം സ്വചുമലിൽ ഏറ്റുമ്പോൾ തന്നെ നിങ്ങളുടെ ഹൃദയാംഗമായ പ്രാർത്ഥനയേയും ചോദിക്കുന്നു.

ഉറവ (Fountain) എന്നതിന് ഉത്ഭവസ്ഥാനം എന്നർത്ഥമുണ്ട്. ഭൂമിയിൽ നിന്ന് പൊന്തിവരുന്ന നീരൊഴുക്കാണ് ഉറവ. ഉറവയെക്കുറിക്കുന്ന അനേക പദങ്ങൾ എബ്രായ ഭാഷയിലുണ്ട്. അയിൻ (1ശമുവേൽ 29:1), മാകോർ (സദൃശ്യ വാക്യങ്ങൾ 5:18), അഷ്ദോത് ഗലോത് (യോശുവ 15:19), മോറ്റ്സാ(നീരുറവ് 2 രാജ2:21), മഅയാനീം (സങ്കീർത്തനം 104:10) എന്നിവയാണ് പ്രധാനപ്പെട്ടവ. ഉറവയ്ക്കു സമാനമായ ഗ്രീക്ക് പദം പീഗീ (വെളിപ്പാട് 7: 17) ആണ്. താഴ്വരയിൽ നിന്നും മലയിൽ നിന്നും പുറപ്പെടുന്ന നീരൊഴുക്കുകളും ഉറവകളും തടാകങ്ങളും ഉള്ള ദേശമാണ് (ആവർത്തനം 8:7) കനാൻ ദേശം. ഗ്രാമങ്ങൾ ഉറവകളുമായി ബന്ധപ്പെട്ടിരിക്കുന്നു. പല സ്ഥലനാമങ്ങളും ഉറവുകളുടെ പേരിനോട് ചേർത്ത് അറിയപ്പെട്ടിരുന്നു. ഏൽ-ദോർ, ഏൻ-ഗന്നീം, ഏൻ-ഗെദി,ഏൻ-രിമ്മോൻ, ഏൻ-രെമെശ്, ഏൻ-തപ്പുഹ എന്നിവ ഉദാഹരണങ്ങൾ. യെരുശലേം നഗരകവാടങ്ങളിലൊന്നിന്റെ പേർ ഉറവുവാതിൽ (നെഹമ്യവ് 2:14, 3:15, 12:37) എന്നായിരുന്നു.

പഴയനിയമത്തിൽ പ്രസിദ്ധമായ ചില നീരുറവകളുണ്ട്. അബ്രഹാമിന്റെ ദാസൻ റിബെക്കായെ കണ്ടതു നാഹോരിന്റെ പട്ടണത്തിലെ കിണറിനടുത്തുവച്ചായിരുന്നു (ഉല്പത്തി 24:16). ഗിദെയോൻ ഹരോദ് ഉറവിന്നരികെ പാളയമിറങ്ങി (ന്യായാ.7:1). യെരിഹോവിന്നടുത്തുള്ള ഒരു നീരുറവിലെ വെള്ളം ഏലീശ ഉപ്പിട്ടു പഥ്യമാക്കി (2 രാജാ.2:21). മരുഭൂമിയിൽ ശൂരിനു പോകുന്ന വഴിയിലെ നീരുറവിന്നരികെ വച്ചു ദൂതൻ ഹാഗരിനു പ്രത്യക്ഷപ്പെട്ടു (ഉല്പത്തി 16:7). സുഖാർ എന്ന ശമര്യപട്ടണത്തിൽ യാക്കൊബിന്റെ ഉറവുണ്ടായിരുന്നു (യോഹന്നാൻ 4:6). അവിടെ വച്ചാണ് ശമര്യാസ്ത്രീക്കു യേശു സ്വയം മശീഹയെന്നു വെളിപ്പെടുത്തിക്കൊടുത്തത്. യഹോവ യിസ്രായേലിന്റെ ഉറവാണ് (സങ്കീർത്തനം 68:26), യഹോവാ ഭക്തി ജീവന്റെ ഉറവാണ് (സദൃശ്യവാക്യങ്ങൾ 14:27), യഹോവ ജീവനുള്ള വെള്ളത്തിന്റെ ഉറവയാണ്(യിരെമ്യാവ് 17: 13), ജ്ഞാനിയുടെ ഉപദേശം ജീവന്റെ ഉറവാകുന്നു (സദൃശ്യ വാക്യങ്ങൾ 13:14), ഉറവിന്റെ ഒരേ ദ്വാരത്തിൽ നിന്ന് മധുരജലവും കയ്പുവെള്ളവും പുറപ്പെടുകയില്ല (യാക്കോബ് 3:11), കുഞ്ഞാടിന്റെ രക്തത്തിൽ തങ്ങളുടെ അങ്കി വെളുപ്പിച്ചവരെ കുഞ്ഞാടു ജീവജലത്തിന്റെ ഉറവുകളിലേക്ക് നടത്തും (വെളിപ്പാട് 7:17), മോശൈക ന്യായപ്രമാണത്തിൽ ശുദ്ധീകരണ പ്രക്രീയക്കായി ഉറവുജലം ഉപയോഗിക്കുമായിരുന്നു.

കഴിഞ്ഞ അനേക പതിറ്റാണ്ടുകളായി ദൈവരാജ്യത്തിനുവേണ്ടി ഒരു പടക്കുതിരയ്ക്കു തുല്ല്യം അടർക്കളത്തിൽ അടരാടി മുന്നേറി വിജയഭേരിമുഴക്കി ശത്രുവിന്റെ മുമ്പിൽ അടിപതറാതെ ആയുധങ്ങൾ അടിയറവു വയ്ക്കാതെ സഹനസമര മുഖത്ത് വീരോജ്ജ്വലമായി പ്രശോഭിച്ച ധീരപോരാളികളുടെ അനുഭവങ്ങളുടെ ചരിത്രം നമുക്ക് ആവേശം നല്കുന്നതാണ്. പവിത്രാത്മ നിറവിൽ അവരിലൂടെ ലഭിച്ച സംഭാവനകൾക്ക് വിലയേറിയ രത്നങ്ങളേക്കാൾ മൂല്യമുണ്ട്. സംഗീതം, സാഹിത്യം, സേവനം, സഭാരൂപീകരണം ഒക്കെ ഈ പംക്തിയിൽ പങ്കുവയ്ക്കുന്നുണ്ട്. പലതിന്റെയും തുടക്കത്തിന്റെ ചരിത്രം അറിയുവാനുള്ള ഈ ഉറവിങ്കലേക്കുള്ള തീർത്ഥയാത്ര ഇവിടെ ആരംഭിക്കുന്നു. വരുംകാലദിനങ്ങളിൽ നിങ്ങളുടെ ഹൃദയതന്ത്രികളിൽ നിന്നും സ്വർഗ്ഗീയ സൗഗന്ധിക സൗകുമാര്യം പരത്തുന്ന ഗാനങ്ങളും മറ്റ് താലന്തുകളും ദൈവരാജ്യവ്യാപ്തിക്കായി പൊട്ടിപുറപ്പെടട്ടെ എന്ന ആശംസയോടും ജീവജലത്തിന്റെ ഉറവയായ യേശുക്രിസ്തുവിന്റെ അരികിലേക്കുള്ള ആഹ്വാനത്തോടും കൂടെ ഏവർക്കും നന്മ നിറഞ്ഞ പുതുവത്സരാശംസകൾ!

Edited, Printed, Published and Owned by Pastor M. Samuelkutty, 87 Tenement-II, RBTB Hospital, Delhi-9, at New Life Printers (P) Ltd, Delhi-9, Tel : 32607442